# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 354** **18-10-2016-ൽ മറുപടിയ്ക്ക്**

## പ്രവാസികൾക്കുവേണ്ടി കെ.എസ്.എഫ്.ഇ. ചിട്ടി

| | ചോദ്യം<br><br>ശ്രീ. കെ.എം. മാണി | | മറുപടി<br><br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | പ്രവാസികൾക്കുവേണ്ടി ചിട്ടി നടത്തുന്നതിന് കെ.എസ്.എഫ്.ഇ-യ്ക്ക് റിസർവ് ബാങ്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നൽകിയത്; അതിലെ വ്യവസ്ഥകൾ എന്തെല്ലാം; | (എ) | 13.04.2015-ലെ 2271-ാം നമ്പർ ഇൻഡ്യാ ഗസറ്റ് പ്രകാരം ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്റ്റ് (ഫെമ)-ൽ ഭേദഗതി വരുത്തി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് പ്രവാസികൾക്ക് ബാങ്ക് മുഖേന നോൺ-റീപാട്രിയേഷൻ അടിസ്ഥാനത്തിൽ റിസർവ് ബാങ്ക് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ചിട്ടിയിൽ ചേരാവുന്നതാണ്. ഇതിലേയ്ക്ക് കെ.എസ്.എഫ്.ഇ.യ്ക്ക് റിസർവ് ബാങ്കിന്റെ പ്രത്യേക അനുമതി ആവശ്യമില്ല. ചിട്ടി രജിസ്ട്രാർക്കോ ഇതിനായി സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ചിട്ടിത്തവണ സ്വീകരിക്കുവാൻ അനുമതി നൽകാവുന്നതാണ്. |
| (ബി) | നിലവിലുള്ള ചിട്ടി നിയമ വ്യവസ്ഥകൾക്കുപരിയായി എന്തെല്ലാം കാര്യങ്ങളാണ് പ്രവാസികൾക്കുവേണ്ടിയുള്ള ചിട്ടി നടത്തുവാൻ സർക്കാർ ചെയ്യേണ്ടത്; | (ബി) | റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ടിൽ വരുത്തിയ ഭേദഗതികൾക്ക് വിധേയമായി പ്രവാസി ഭാരതീയരിൽനിന്ന് ചിട്ടിത്തവണ സ്വീകരിക്കാൻ G.O.(MS) No. 136/2015/TD തീയതി 29/07/2015 പ്രകാരം സർക്കാർ കെ.എസ്.എഫ്.ഇ.യ്ക്ക് അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | റിസർവ് ബാങ്ക് നിയമങ്ങൾക്കും കേന്ദ്ര ചിട്ടി നിയമത്തിനും കേരള സർക്കാർ പുറപ്പെടുവിച്ച ചിട്ടി റൂളുകൾക്കും അനുസൃതമായിട്ടാണ് പ്രവാസികളെ ചിട്ടിയിൽ പ്രവേശിപ്പിക്കുക. ഇതിനാവശ്യമായ സാങ്കേതിക, മാർക്കറ്റിംഗ് സംവിധാനങ്ങൾ കെ.എസ്.എഫ്.ഇ.യിൽ ഒരുക്കേണ്ടതുണ്ട്. |
| **(സി)** | പ്രവാസികൾക്കുവേണ്ടി ചിട്ടി നടത്തുമ്പോൾ അതിലേക്ക് കെ.എസ്.എഫ്.ഇ. അടക്കേണ്ട സെക്യൂരിറ്റി തുക കിഫ്ബിയിൽ നിക്ഷേപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള ഇളവ് റിസർവ് ബാങ്ക് നൽകിയിട്ടുണ്ടോ; അതിന്റെ വിശദാംശം വ്യക്തമാക്കാമോ? | **(സി)** | സെക്യൂരിറ്റിതുക കിഫ്ബിയിൽ നിക്ഷേപിക്കുന്നതു സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ.